പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1603 — 14-12-2012 - ലെ മറുപടിയ്ക്ക്

# കുട്ടനാട് പാക്കേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.എം. തോമസ് ഐസക്ക്<br>" ജി. സുധാകരൻ<br>" സി.കെ.സദാശിവൻ<br>" ആർ. രാജേഷ് | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കുട്ടനാട് പാക്കേജിൽ കൃഷിവകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) കൃഷി വകുപ്പുമായി ബന്ധപ്പെട്ട് പാക്കേജിൻ കീഴിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ട്. മുഖ്യമന്ത്രി അദ്ധ്യക്ഷനായ പ്രോസ്പിരിറ്റി കൗൺസിൽ, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കോ ഓർഡിനേഷൻ കമ്മിറ്റി, കാർഷികോൽപാദന കമ്മിഷണർ അദ്ധ്യക്ഷനായ ടാസ്ക് ഇംപ്ലിമെന്റേഷൻ കമ്മിറ്റി എന്നീ യോഗങ്ങളിൽ പാക്കേജിൻ കീഴിലുള്ള പ്രവൃത്തികളുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ട്. ഇവ കൂടാതെ സെക്രട്ടറി തലത്തിലും വകുപ്പു തലവൻമാർ തലത്തിലും യോഗം കൂടി പ്രവൃത്തികളുടെ വിലയിരുത്തൽ നടത്തി വരുന്നു.<br>പ്രൊഫ. എം.എസ്.സ്വാമിനാഥൻ ശുപാർശ പ്രകാരം കൃഷി വകുപ്പിൻ കീഴിൽ 16 പദ്ധതികളിലായി 198.20 കോടി രൂപയാണ് വിഭാവനം ചെയ്തിട്ടുള്ളത്. കൃഷി വകുപ്പിൻ കീഴിൽ നാളിതുവരെ 176.21 കോടി രൂപയുടെ പദ്ധതികൾക്ക് ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുകയും, ആയതിൽ 137.89 കോടി രൂപയ്ക്ക് നിർവ്വഹണാനുമതി ലഭിക്കുകയും, 60.95 കോടി രൂപ റിലീസ് ചെയ്തിട്ടുള്ളതും 57.02 കോടി രൂപ വിനിയോഗിച്ചിട്ടുള്ളതുമാണ്.<br>പാക്കേജിൻ കീഴിൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട് 150 കൊയ്ത്ത് മെതിയന്ത്രങ്ങൾ, 50 ടില്ലറുകൾ, 50 ട്രാക്ടറുകൾ, എന്നിവ ലഭ്യമാക്കി. ഓണാട്ടുകരയിൽ ഒന്നാം നെൽകൃഷി, ചെയ്യുന്നതിനുള്ള ആനുകൂല്യം, എള്ള് കൃഷിക്ക് ആനുകൂല്യം (ഓണാട്ടുകര), നല്ലയിനം വിത്തുകളുടെ ഉൽപാദനവും വിതരണവും, സോയിൽ ഹെൽത്ത് കാർഡുകളുടെ വിതരണം, താൽക്കാലിക |

സംഭരണ ശാലകൾ സ്ഥാപിക്കൽ, യുവാക്കൾക്ക് പരിശീലനം നൽകൽ, കുട്ടനാട്ടിൽ അഗ്രി ക്ലിനിക്കുകൾ സ്ഥാപിക്കൽ, പുറക്കാട് കരിയിലെ ഉൽപാദന ബോണസ് വർദ്ധിപ്പിക്കൽ, നാളികേര പുനരുദ്ധാരണത്തിനുള്ള പദ്ധതി, കുട്ടനാട്ടിലെ ഹോർട്ടികൾച്ചർ വികസനം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) പ്രസ്തുത പാക്കേജിന്റെ നടത്തിപ്പിൽ പോരായ്മകൾ ഉളളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പാക്കേജിന്റെ നടത്തിപ്പിൽ പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കുട്ടനാട് പാക്കേജിന് മാത്രമായി പ്രത്യേക ഫണ്ട് അലോക്കേഷനില്ല. കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള വിവിധകേന്ദ്ര സ്കീമുകളിൽ ഉൾപ്പെടുത്തിയാണ് പാക്കേജിൽ പ്രതിപാദിച്ചിട്ടുള്ള വിവിധ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നത്.

(സി) പാക്കേജിന്റെ ഭാഗമായിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതുമൂലം കുട്ടനാട്ടിലെ ചില പാടശേഖരങ്ങളിൽ മടവീഴ്ചയുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മടവീഴ്ചമൂലം സംഭവിച്ച കൃഷി നാശം സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ; കർഷകർക്ക് ഈയിനത്തിൽ നഷ്ട പരിഹാരം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ഡി) കുട്ടനാട് മേഖലയിലെ കായൽ പാടശേഖരങ്ങളിൽ വേലിയേറ്റം മൂലം 20-12-11 മുതൽ 24-12-11 വരെ സംഭവിച്ച മടവീഴ്ച മൂലമുണ്ടായ കൃഷി നാശത്തിന്റെയും അനുവദിച്ച സഹായതുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

സ.ഉ.(എം.എസ്)നം. 32/12/കൃഷി തീയതി 18-02-2012 പ്രകാരം 55 ലക്ഷം രൂപ "സി" ബ്ലോക്കിനായി അനുവദിക്കുകയുണ്ടായി. സ.ഉ.(എം.എസ്)നം. 165/12/കൃഷി തീയതി 05-07-12 പ്രകാരം മടവീഴ്ചയിൽ കൃഷി നശിച്ച മറ്റു മൂന്നു പാടശേഖരങ്ങളിലെ കർഷകർക്ക് ധനസഹായം നൽകുന്നതിനായി 133.41 ലക്ഷം രൂപ 2401-00-800-91-34 മറ്റ് ചെലവുകൾ (plan) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | കൃഷി ഭവൻ | പാടശേഖരം | നെൽകൃഷി നാശം (ഹെക്ടറിൽ) | വിളയുടെ പ്രായം | അനുവദിച്ച സഹായ ധനം | ആകെ രൂപ (ലക്ഷത്തിൽ) |
|---|---|---|---|---|---|---|
| 1 | കൈനകരി | C-Block കായൽ | 256 | 25-30 ദിവസം | 20,000/ha | 51.2 |
| 2 | പുളിങ്കുന്ന് | D-Block പുത്തനാറായിരം | 24.0 | 20 ദിവസം | 20,000/ha | 48.0 |
| 3 | പുന്നപ്രതെക്ക് | പൂന്തുരംതെക്ക് | 88.9 | നിലം ഒരുക്കിയിരുന്നു. വിതച്ചില്ല | 10,000/ha | 8.89 |
| 4 | കാവാലം | മംഗലം മാണിക്യമംഗലം | 401.6 | 25 ദിവസം പ്രായം | 20,000/ha | 80.32 |
| | | | | | **ആകെ** | **188.41** |